പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –**T 1519** **14.12.2012-** ൽ മറുപടിക്ക്

## പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ . എ. ഖാദർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു പ്രവാസികൾക്ക് ധനസഹായം നൽകുന്ന സമഗ്ര പാക്കേജ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) തിരികെയെത്തിയ പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് മൂലധന/പലിശ സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുക എന്നതിനായി പ്രവാസി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) ഏതെല്ലാം തൊഴിൽ പദ്ധതിക്കാണ് ധനസഹായം അനുവദിക്കാൻ ഉദ്ദേശിക്കുന്നത്;<br>(സി) അതിനായി എത്രതുകയുടെ ധനസഹായം നൽകുമെന്ന് വ്യക്തമാക്കുമോ? | (ബി & സി) പ്രവാസികൾ അവരുടെ സമ്പാദ്യം ഉപയോഗിച്ച സ്വയംതൊഴിൽ പദ്ധതികളും വികസനോന്മുഖമായ മറ്റു ചെറുകിട വ്യവസായങ്ങളും തുടങ്ങുന്നതു സഹായിക്കാനാണ് ഈ പദ്ധതി. വിവിധ മേഖലകളിൽ അംഗീകരിച്ച സംരംഭത്തിനു വേണ്ട തുകയുടെ നിശ്ചിത ശതമാനം മൂലധനം/പലിശ സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. ഇതിനായി 12 - ാം പദ്ധതിയുടെ ആദ്യവർഷമായ 2012 – 13 ലെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ